8. ശ്രീ. ജോണി നെല്ലൂർ
9. ശ്രീ. കെ. സി. ജോസഫ്
10. ശ്രീ. പി. ജെ. ജോയി
11. ശ്രീ. ജി. കാർത്തികേയൻ
12. ശ്രീ. കെ. കെ. നായർ
13. ശ്രീ. കെ. എം. മാണി
14. ശ്രീ. ആര്യാടൻ മുഹമ്മദ്
15. ശ്രീ. എഴുകോൺ നാരായണൻ
16. ശ്രീ. തമ്പാനൂർ രവി
17. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
18. ശ്രീ. കെ. സുധാകരൻ
19. ശ്രീ. പി. പി. തങ്കച്ചൻ
20. ശ്രീ. സി. എഫ്. തോമസ്
21. ശ്രീ. തോമസ് ചാഴികാടൻ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 43

പ്രതികൂലിക്കുന്നവർ - 21

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാക്കിയിരിക്കുന്നു. ഇനി അര മണിക്കൂർ ബ്രേക്ക് കഴിഞ്ഞ് 3.15-ന് കൂടാം.

(ഉച്ചഭക്ഷണത്തിനായി സഭ 2.45-ന് പിരിഞ്ഞു.)

(ഇടവേളയ്ക്കുശേഷം 3.20-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സഭ വീണ്ടും സമ്മേളിച്ചു.)

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ് (ഭേദഗതി) ബിൽ†

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള

3.20 P.M.] നികുതികളിൻമേലുള്ള സർച്ചാർജ് (ഭേദഗതി) ബിൽ† പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

---

† അനുബന്ധം XXVI

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, സർച്ചാർജ് തിരികെ കൊണ്ടുവരുന്നതിന് ആർക്കും എതിർപ്പില്ല. എത്ര പെർസന്റേജ് വേണമെങ്കിലും കൂട്ടിക്കൊണ്ട് വരുന്നതിനും എതിർപ്പില്ല. തിരികെ കൊണ്ടുവന്നിരിക്കുന്ന ഈ സർച്ചാർജ്ജ് ബിൽ ഈ നിലയിൽ പാസ്സായാൽ ഇത് നിലനിൽക്കുകയില്ല. ഗവൺമെന്റ് സർച്ചാർജ് ഇംപോസ് ചെയ്യാനാണ് കൊണ്ടുവരുന്നതെങ്കിൽ അത് നിലനിൽക്കണം. ഗവർണറുടെ സാംഗ്ഷനോടുകൂടി, റെക്കമെന്റേഷനോടുകൂടി വേണമായിരുന്നു ഇത് കൊണ്ടുവരേണ്ടത് എന്നുള്ള ഭരണഘടനാപരമായ ഒരു ഒബ്ജക്ഷനാണ് ഞാൻ രേഖപ്പെടുത്തുന്നത്. നിലവിലുണ്ടായിരുന്ന 1957-ലെ സർച്ചാർജ് ആക്ട് അനുസരിച്ച് 10 ലക്ഷം രൂപ വരെ വിറ്റുവരവുള്ള ഒരു വ്യാപാരി അയാൾ കൊടുക്കേണ്ടുന്ന വില്പന നികുതി ബാദ്ധ്യതയ്ക്കു പുറമേ 5 ശതമാനം കൂടി സർച്ചാർജ് കൊടുക്കണം. 10 ലക്ഷം രൂപയിൽ കൂടുതലാണ് വിറ്റുവരവെങ്കിൽ അയാൾ 10 ശതമാനം സർച്ചാർജ് അയാളുടെ കയ്യിൽനിന്നും കൊടുക്കണം. വ്യാപാരികളെ സംബന്ധിച്ചിടത്തോളം ഇത് എടുത്തുകളയണമെന്ന് അവരുടെ ഭാഗത്തുനിന്നും ഡിമാന്റ് ഉണ്ടായി. പേരന്റ് ആക്ടിൽ സർച്ചാർജ്ജ് എന്ന് പറയുന്നത് 10 ലക്ഷം രൂപ വരെ 5 ശതമാനവും 10 ലക്ഷം രൂപയ്ക്കു മുകളിൽ 10 ശതമാനവും. അതിന്റെ അടിസ്ഥാനത്തിൽ വില്പന നികുതി ഏകീകരണം വന്ന സന്ദർഭത്തിൽ അതിന്റെ ചുവടു പിടിച്ചുകൊണ്ട് 1957-ലെ കേരള സർച്ചാർജ്ജ് ഓൺ ടാക്സസ് ആക്ടിലെ മൂന്നാമത്തെ വകുപ്പ് എടുത്തുകളഞ്ഞു. അബോളിഷ് ചെയ്തു. മൂന്നാമത്തെ വകുപ്പ് അബോളിഷ് ചെയ്തുകൊണ്ട് ഒരു ഓർഡിനൻസ് ഇവിടെ പ്രൊമൂൽഗേറ്റ് ചെയ്തു. ആ ഓർഡിനൻസിന്റെ പേരാണ് ടാക്സേഷൻ ലാ അമെന്റുമെന്റ് ഓർഡിനൻസ് നമ്പർ 7. അത് 31-12-1999-ലെ ഗസറ്റിൽ വിജ്ഞാപനം ചെയ്തു. 2000 ജനുവരി 1-ാം തീയതി കേരളത്തിൽ നിലവിലുണ്ടായിരുന്ന സർച്ചാർജ്ജ് അബോളിഷ് ചെയ്യപ്പെട്ട് കഴിഞ്ഞിരിക്കുന്നു. പിന്നെ സർച്ചാർജ്ജ് ഇല്ല. ഈ ബിൽ അതിനുശേഷം സബ്ജക്ട് കമ്മിറ്റിക്ക് പോകുന്നു. സബ്ക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ ഫോറിൻ ലിക്കറിന്റെ പേരിലുള്ള സർച്ചാർജ്ജ് 10 ശതമാനം ആക്കുന്നതിന് തീരുമാനിക്കുകയും അങ്ങനെ ഇങ്ങോട്ട് റെക്കമെന്റ് ചെയ്യുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നത് മാർച്ച് മാസം 1-ാം തീയതിയാണ്. സബ്ജക്ട് കമ്മിറ്റി കൂടിയാലോചിച്ചുകൊണ്ട് ഈ ഒരു ഐറ്റത്തിനുമേൽ സർച്ചാർജ്ജ് 10 ശതമാനം ചുമത്തുന്നതിന് തീരുമാനിക്കുകയും ആ നിലയ്ക്ക് സബ്ജക്ട് കമ്മിറ്റി ഈ ബില്ലിനെ സംബന്ധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തു. ഇപ്പോൾ അതിന്റെ അവസ്ഥ എന്താണെന്നു ചോദിച്ചാൽ കഴിഞ്ഞ ജനുവരി മാസം 1-ാം തീയതി അബോളിഷ് ചെയ്യപ്പെട്ട, ഇല്ലായ്മ ചെയ്യപ്പെട്ട സർച്ചാർജ്ജ് ഒരു ഐറ്റത്തിനുമേൽ വീണ്ടും ഇംപോസ് ചെയ്യാൻ തീരുമാനം എടുക്കുന്നു. അതേ നിലയിലല്ല, 10 ശതമാനം ആയി സർച്ചാർജ്ജ് കൊണ്ടുവരാൻ വേണ്ടി തീരുമാനം എടുത്ത് ഈ ബിൽ വന്നിരിക്കുകയാണ്. എനിക്ക് അതിനെക്കുറിച്ചാണ് പറയാനുള്ളത്. ഇത് ഒരു മണി ബില്ലാണ്. ഇൻഡ്യൻ ഭരണഘടനയുടെ 199-ാമത്തെ അനുച്ഛേദത്തിൽ പറയുന്നതനുസരിച്ച് ഇതൊരു മണി ബില്ലാണ്. മണി ബില്ലെന്നു പറഞ്ഞാൽ ഭരണഘടനയുടെ 199-ാമത്തെ അനുച്ഛേദത്തിൽ പറയുന്നത്. (a) the imposition, abolition, remission, alteration or

regulation of any tax ഇംപോസിഷൻ ഓഫ് ടാക്സ് ആണെങ്കിൽ അത് മണി ബില്ലാണ്. ഇപ്പോൾ 10 ശതമാനം സർച്ചാർജ്ജ് ചുമത്തിക്കൊണ്ട് വന്നിരിക്കുന്നതുകൊണ്ട് അത് ഇംപോസിഷനാണ്. ഇംപോസിഷൻ ആയതുകൊണ്ട്, മണി ബിൽ ആയതുകൊണ്ട്, ഭരണഘടനയുടെ അനുച്ഛേദം 207 (1) അനുസരിച്ച് ഇതിന് ഗവർണറുടെ അനുമതി വേണം. ഇല്ലെങ്കിൽ അതിനകത്ത് പറയുന്നത് അത് ഇൻട്രൊഡ്യൂസ് ചെയ്യുന്നതിനോ ചർച്ച ചെയ്യുന്നതിനോ പറ്റുകയില്ല. It shall not be introduced or moved except on the recommendation of the Governor, and a Bill making such provision shall not be introduced in a Legislative Council. ഇതിൽ ഗവർണറുടെ സാംഗ്ഷൻ ഉണ്ട്. റെക്കമെന്റേഷൻ ഉണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞേക്കാം. ഗവർണറുടെ റെക്കമെന്റേഷൻ ഉള്ളത് ഈ ബില്ലിനല്ല. സബ്ജക്ട് കമ്മിറ്റി റെക്കമെന്റ് ചെയ്ത ബില്ലിനല്ല ഗവർണറുടെ റെക്കമെന്റേഷൻ ഉള്ളത്. ഗവർണറുടെ ഒരു റെക്കമെന്റേഷൻ ഉണ്ട്. അത് 2000 ഫ്രെബ്രുവരി 24-ാം തീയതിയാണ്. മാർച്ച് 1-ാം തീയതിയാണ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നത്. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുമുമ്പ് ഒറിജിനൽ ബില്ലിന്, ഈ ഒറിജിനൽ ബില്ലുമല്ല, ഒറിജിനൽ ബില്ലിന് ഒരു റെക്കമെന്റേഷൻ ഉണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന ബില്ലിനെ സംബന്ധിച്ച് ഭരണഘടനയുടെ 207-ാം അനുച്ഛേദം ഖണ്ഡം 1 പ്രകാരം ആവശ്യമായ ശുപാർശ ഗവർണ്ണർ ചെയ്തിട്ടുണ്ട്. അത് ഫെബ്രുവരി 24-ന്. ഫെബ്രുവരി 24-ന് ഗവർണറുടെ റെക്കമെന്റേഷൻ കിട്ടിയെന്ന് ബഹുമാനപ്പെട്ട മന്ത്രി വാദിച്ചേക്കുമോയെന്നുള്ള സംശയം ഉള്ളതുകൊണ്ടാണ് ഞാൻ മുമ്പേകൂട്ടി പറയുന്നത്. അത് സബ്ജക്ട് കമ്മിറ്റി റെക്കമെന്റ് ചെയ്ത ബില്ലിനല്ല, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനു മുമ്പുള്ള, ഇവിടെ ഇൻട്രൊഡ്യൂസ് ചെയ്യുന്നതിനുമുമ്പുള്ള ഒറിജിനൽ ബില്ലിനാണ്. നമ്മുടെ നിയമവകുപ്പ് ആയാലും ഒരു തെറ്റ് ചെയ്യാൻ പാടില്ല. വാസ്തവത്തിൽ സർച്ചാർജ്ജ് ബില്ലായിരുന്നുവെങ്കിൽ, ഒറിജിനൽ ബില്ലിനായിരുന്നു എങ്കിൽ റെക്കമെന്റേഷൻ ആവശ്യമില്ല. കാരണം ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ അനുച്ഛേദം 207 സബ്ക്ലോസ് 1-ന്റെ പ്രൊവൈസോയിൽ പറയുന്നത്. Provided that no recommendation shall be required under this clause for the moving of an amendment making provision for the reduction or abolition of any tax. ഇൻഡ്യൻ ഭരണഘടന അനുസരിച്ച് ഏതെങ്കിലും ഒരു നികുതി ഉപേക്ഷിക്കുകയാണെങ്കിൽ അതിന് ഗവർണ്ണറുടെ റെക്കമെന്റേഷൻ ആവശ്യമില്ല. നമ്മുടെ സർച്ചാർജ്ജ് അമെന്റുമെന്റ് ബിൽ ഉപേക്ഷിക്കാൻവേണ്ടി കൊണ്ടുവന്നതാണ്. സർച്ചാർജ്ജ് ഉപേക്ഷിക്കാൻ വേണ്ടി കൊണ്ടുവന്ന ഒറിജിനൽ ബില്ലിന് ഭരണഘടനയുടെ ആർട്ടിക്കിൾ 207 അനുസരിച്ച് ഗവർണറുടെ റെക്കമെന്റേഷൻ ആവശ്യമില്ലാതിരിക്കെ ആ ഒറിജിനൽ ബില്ലിന് റെക്കമെന്റേഷൻ വാങ്ങിയെന്നു പറയുന്നതിൽ അർത്ഥമില്ല. വാങ്ങേണ്ട കാര്യമില്ല. സംഭവിച്ചത് എനിക്ക് മനസ്സിലായി. ഇതിൽ വന്ന ഒരു തെറ്റ് എന്താണെന്നുവച്ചാൽ, ഈ ഗസറ്റ് നോട്ടിഫിക്കേഷൻ അങ്ങ് വായിക്കണം. ഒരു നോട്ടിഫിക്കേഷന് അകത്ത് രണ്ട് ബിൽ കൊണ്ടുവന്നു. ഒരു നോട്ടിഫിക്കേഷനകത്ത് സെയിൽസ് ടാക്സ് അമെന്റുമെന്റ് ബില്ലും സർച്ചാർജ്ജ് അമെന്റുമെന്റ് ബില്ലുമാക്കി ഓർഡിനൻസ് വന്നു. ഓർഡിനൻസ് വന്നതിനുശേഷം രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ബില്ലാക്കി. ഗവർണ്ണർക്കു കൊടുത്തു. ഓർഡിനൻസ് രണ്ട് ബില്ലുംകൂടി ചേർന്നതാണ്, രണ്ട് സബ്ജക്ടുംകൂടി ചേർന്നതാണ്. അത് രണ്ട് ബില്ലാക്കി ഇതിനുവേണ്ടി ഗവർണ്ണർക്ക് കൊടുത്തപ്പോൾ റെക്കമെന്റേഷൻ ജനറൽ സെയിൽസ് ടാക്സിനു മതി ഇതിന് റെക്കമെന്റേഷൻ ആവശ്യമില്ല എന്നു പറഞ്ഞു. ഗവർണ്ണർ ഒരുപക്ഷേ, റെക്കമെന്റേഷൻ കൊടുത്തതായിരിക്കാം. അങ്ങനെ ഒരബദ്ധം വന്നതായിരിക്കാം. ഇവിടത്തെ കാസ്റ്റ്യൻ സർചാർജ്ജ് അമെന്റുമെന്റ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ദിവസമായ മാർച്ച് മാസം ഒന്നാം തീയതിക്കു മുമ്പാണ് ഗവർണ്ണറുടെ റെക്കമെന്റേഷൻ ഉണ്ടായിട്ടുള്ളത്. അതിനുശേഷം റെക്കമെന്റേഷൻ ഉണ്ടായിട്ടില്ല. അബോളിഷ് ചെയ്തു എന്നുപറഞ്ഞത് ഗസറ്റിൽ കൂടി പബ്ലിഷ് ചെയ്ത് ഒന്നാം തീയതി നിലവിൽ വന്ന ഒരു നിയമം അബോളിഷ് ചെയ്യപ്പെട്ട ഒരു ഐറ്റം വീണ്ടും അത് റിവൈവ് ചെയ്യണമെന്നുണ്ടെങ്കിൽ അത് നിയമമായിട്ട് ഇവിടെ വരുമ്പോൾ അത് റെസ്റ്റോർ ചെയ്യുകപോലും അല്ല ചെയ്തിരിക്കുന്നത്. റെസ്റ്റോർ ചെയ്യുകയാണെങ്കിൽ 10 ലക്ഷം വരെ അഞ്ച്, അതിനുമുകളിൽ 10 അങ്ങനെയാണ് പഴയ ഒറിജിനൽ ബിൽ. റെസ്റ്റോറേഷൻ ആയാലും അല്ലെങ്കിലും പുതിയ നികുതി ഇംപോസ് ചെയ്തുകൊണ്ട് സബ്ജക്ട് കമ്മിറ്റി റെക്കമെന്റ് ചെയ്തിരിക്കുന്ന സ്ഥിതിക്ക് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഈ ബിൽ ഗവർണ്ണറുടെ റെക്കമെന്റേഷൻ ഇല്ലാതെ സ്വീകരിക്കാൻ പാടില്ല എന്നുള്ളതാണ്. അതുകൊണ്ട് ഗവർണ്ണറുടെ റെക്കമെന്റേഷൻ ഇതിൽ ഉണ്ടായിട്ടില്ല. നമുക്ക് പകലിനെ ഇരുട്ടാണന്ന് പറയാനൊക്കുമോ ? ഗവർണ്ണറുടെ റെക്കമെന്റേഷൻ ഏതിനാ വേണ്ടത്, സബ്ജക്ട് കമ്മിറ്റി റെക്കമെന്റ് ചെയ്തിട്ടുള്ള ബില്ലിനാണ് ഗവർണ്ണറുടെ റെക്കമെന്റേഷൻ വേണ്ടത്. അതിനുണ്ടായിട്ടില്ല. മാർച്ച് മാസം ഒന്നാം തീയതിക്ക് മുമ്പ് ഉണ്ടായിട്ടുണ്ട്. അത് ഒറിജിനൽ ബില്ലിനാണ്. അതാവശ്യമില്ലായിരുന്നു. ആവശ്യമില്ലാത്ത ഒരു റെക്കമെന്റേഷൻ വാങ്ങി. ആവശ്യമുള്ളതിന് റെക്കമെന്റേഷൻ എടുത്തില്ല. ആ നിലയിലേക്ക് പ്രവർത്തിച്ചിരിക്കുന്ന സ്ഥിതിക്ക് എനിക്ക് ഒരഭ്യർത്ഥനയുള്ളത് ഞങ്ങളാരും ഈ സർച്ചാർജ്ജിനൊന്നും എതിരല്ല. സർച്ചാർജ്ജ് വച്ചോ, എത്ര റേറ്റ് വേണേലും വച്ചോ. പക്ഷേ, ഇപ്പോൾ ഈ ഒരു ഐറ്റത്തിന് വച്ചുകൊണ്ട് ഈ ബിൽ ഇതേപടി പാസായാൽ ആ സർചാർജ്ജ് നിലനിൽക്കില്ല. നിലനിൽക്കണമെന്നുണ്ടെങ്കിൽ ഗവർണ്ണറുടെ റെക്കമെന്റേഷൻ വേണം. അതുകൊണ്ട് റെക്കമെന്റേഷൻ ഇല്ലാതെ ഇതിന്റെ കൺസിഡറേഷൻ ഈ ടൈമിൽ അപ്രോപ്രിയേറ്റ് അല്ല എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, Article 207 (1) of the Constitution എന്നുപറയുന്നത്. A Bill or amendment making provision for any of the matters specified in sub-clauses (a) to (f) of clause (1) of article 199 shall not be introduced or moved except on the recommendation of the Governor, and a Bill making such provision shall not be introduced in a Legislative Council : ഈ പ്രൊവിഷൻ അനുസരിച്ച് ഗവർണ്ണറുടെ അനുമതി ലഭിച്ചിരിക്കുന്നു എന്നു ഞാൻ പറയുമെന്ന് അദ്ദേഹം മുൻകൂട്ടി പറഞ്ഞു. അതുതന്നെയാണ് ഞാൻ പറയാൻ പോകുന്നത്, ഗവർണ്ണറെപ്പറ്റി അദ്ദേഹം ഈ ആർട്ടിക്കിൾ 207 (1) പറയുന്നതിന് മുമ്പ് He was relying on Article 199. Article 199 is very clear. It helps me. Article 199 my learned friend relied on that.

LIBRARY ARCHIVES Kerala Legislative Assembly

അത് റിലൈ ചെയ്തത് ഇതൊരു മണി ബിൽ ആണെന്ന് സമർത്ഥിക്കാനാണ്. അതുപ്രകാരം ഇത് അദ്ദേഹം പിന്നെ സൂചിപ്പിച്ചു, ടാക്സ് വർദ്ധിപ്പിക്കാൻ വേണ്ടിയാണെങ്കിൽ മാത്രമേ ഈ പെർമിഷൻ വേണ്ടൂ. അപ്പോൾ പെർമിഷൻ വേണ്ടിയിരുന്നില്ല, അനാവശ്യമായിരുന്നു. That was his content. പക്ഷേ, I rely upon 199(a) അതിൽ പറയുന്നത് the imposition, abolition or remission എല്ലാത്തിനും വേണം. Not for imposition alone. അപ്പോൾ abolition-നുവേണം remission-നുവേണം alteration-നുവേണം. അപ്പോൾ imposition, abolition, remission, alteration ഈ imposition-ഉം abolition-ഉം ഒക്കെ they are all inherent under 207. ആർട്ടിക്കിൾ 207(1) അനുസരിച്ച് His Excellency, the Governor has given his recommendation as per this provision under 207 (1) അത് ബിൽ പ്രസന്റ് ചെയ്യുന്ന സമയത്താണ്. അത് തന്നിട്ടുമുണ്ട്. My second point is, any Constitutional objection is to be raised only at the time of introduction of the Bill. Where law absent convention prevails. അതുകൊണ്ട് it is a convention that.....please allow me. That is my second point. Third point I rely on Kaul & Shakdher Practice and Procedure of Parliament Page No. 513. Recommendation of the President is, however, not necessery for moving, inter alia, an amendment i.e. 207(1)....which seeks.. ഇത് വേണ്ട. to maintain status quo, i.e. Bill proposses to remove an existing duty an amendment for the deletion of that provision would maintain the status quo although the apparent effect to restore the provisions in the Bill which have been modified by the Select Committee. അതുകൊണ്ട് Effect of this is..... അതുകൊണ്ട് 3, 4 clauses rely ചെയ്യുന്നത്. എല്ലാ ഭാഗവും നോക്കണം. If one fails the other is there. അതുകൊണ്ട് I am relying on 3 or 4 clauses of the Constitution of India. അതുകൊണ്ട് ഇത് to restore the provision. Parent Act-ൽ ആ പ്രൊവിഷൻ റെസ്റ്റോർ ചെയ്യുകയാണ്. അമെന്റ് ചെയ്ത് കൂടുന്നുമില്ല, കുറയുന്നുമില്ല. അതുകൊണ്ട് ഈ ഘട്ടത്തിൽ, at this stage, it is too late. വണ്ടി പോയിട്ട് ടിക്കറ്റ് എടുത്തിട്ട് കാര്യമില്ല. അതുകൊണ്ട് ഇപ്പോൾ now that objection will not stand for the Constitution ഇതാണ് എനിക്ക് പറയാനുള്ളത്. ഞാൻ അതിന്റെ ക്വസ്റ്റ്യൻ ഓഫ് ലാ പറഞ്ഞു. ക്വസ്റ്റ്യൻ ഓഫ് ഫാക്ട് പറയാം. It is only a question. 10 ശതമാനം അപ്പോൾ ഇതിന് റെസ്റ്റോർ ചെയ്യാൻ കാരണം wholesale sale of liquor ആയാൽ to be blend.....I used കുറച്ച് ട്രാൻസ്പാരന്റ് ആവണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതിൽ Kerala Beverages Corporation is the wholesale dealer. ആ സർച്ചാർജ്ജ് ആ കമ്പനിക്ക് കളഞ്ഞാൽ ഈ ടാക്സ്..... on to the profit and income and corporate tax is not divisible. അതിൽ ഇൻകം ടാക്സ് പോകും. Income Tax paid by a Company is called Corporate Tax and Corporate tax is not divisible to States. അതുകൊണ്ട് we will be loosing a huge revenue. അതുകൊണ്ടാണ് പ്രീവിയസ് പൊസിഷൻ റെസ്റ്റോർ ചെയ്യാൻ നമ്മൾ തീരുമാനിച്ചത്. അല്ലാതെ വേറൊരു ഉദ്ദേശവും ഇതിനില്ല. ഇതാണ് ക്വസ്റ്റ്യൻ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് സ്റ്റാറ്റസ്കോ ആക്കുകയാണെങ്കിൽ അങ്ങനെയുള്ളതിന് റെക്കമെന്റേഷൻ വേണ്ട എന്നാണ്. ഇവിടെ സ്റ്റാറ്റസ്കോ എന്നുപറയുന്നത് എന്താണ് ? സ്റ്റാറ്റസ്കോ എന്നുപറയുന്നത് മാർച്ച് ഒന്നാം തീയതി ടാക്സ് ഇല്ലാതെ വന്നതാണ് സ്റ്റാറ്റസ്കോ.

മി. സ്പീക്കർ : അങ്ങ് പറഞ്ഞത് മനസ്സിലായി. മിനിസ്റ്റർ പറഞ്ഞതും മനസ്സിലായി. ഡിബേറ്റ് വേണ്ട.

ശ്രീ. കെ. എം. മാണി : സർ, അങ്ങ് ഒരു റൂളിംഗ് നൽകുമ്പോൾ എന്റെ ഒരു ക്ളാരിഫിക്കേഷൻ കൂടി കേട്ടിട്ട് പറയുകയാണെങ്കിൽ നല്ലതായിരിക്കും. രണ്ടാമത് റെസ്റ്റോറേഷൻ എന്നുപറയുമ്പോൾ എക്സാക്ട് റെസ്റ്റോറേഷൻ അല്ല ഇപ്പോൾ. ഇപ്പോൾ ഫ്ളാറ്റ് റേറ്റ് 10 ശതമാനം ആണ്. പഴയ പാരന്റ് ആക്ടിലാണെങ്കിൽ 5 ശതമാനവും 10 ശതമാനവും രണ്ട് കാറ്റഗറിയാണ്. അപ്പോൾ it is not a restoration. അത് പഴയ പേരന്റ് ആക്ടിലുള്ള റെസ്റ്റോറേഷൻ അല്ല. സ്റ്റാറ്റസ്കോയും അല്ല. സ്റ്റാറ്റസ്കോ ആന്റി ആണ്. ടാക്സ് നിലവിലുള്ളത് സ്റ്റാറ്റസ്കോ ആന്റി ആണ്. നികുതി ഇല്ലാത്ത അവസ്ഥയ്ക്കാണ് സ്റ്റാറ്റസ്കോ. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി പറഞ്ഞ ആ ആർഗ്യുമെന്റ് ഇവിടെ പ്രസക്തമല്ല.

മി. സ്പീക്കർ : ശ്രീ. കെ. എം. മാണിയുടെ ഒബ്ജക്ഷനെന്നു പറയുന്നത് സബ്ജക്ട് കമ്മിറ്റിയിൽ വരുത്തിയ ഒരു അമന്റ്മെന്റ് കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻസിന് വിരുദ്ധമാണെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹത്തിന്റെ ആർഗ്യുമെന്റ് എല്ലാം ഇവിടെ വച്ചു. ബഹുമാനപ്പെട്ട മന്ത്രി ഈ ആർഗുമെന്റിനെ സംബന്ധിക്കുന്ന അദ്ദേഹത്തിന്റെ വാദവും ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിന്റെ എല്ലാം മെറിറ്റിലേക്ക് പൂർണ്ണമായിട്ട് കടക്കാൻ ചെയർ ആഗ്രഹിക്കുന്നില്ല. കാരണം ഇവിടെ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻസ് അല്ലെങ്കിൽ നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റെ ഭാഗമായിട്ടുള്ള അപാകതകളാണ് ചൂണ്ടിക്കാണിച്ചത്. അതിനോടൊന്നും ചെയർ വിയോജിക്കുന്നില്ല. പക്ഷേ, ഒരു ഓർഡിനൻസ് വന്നു. അത് ബിൽ കൊണ്ടുവന്നു റിപ്ലെയിസ് ചെയ്തിരിക്കുകയാണ്. അതിൽ വന്ന കാര്യങ്ങൾ ഇന്നത്തെ പ്രസന്റ് പൊസിഷൻ വച്ചുകൊണ്ടാണ് അദ്ദേഹം ആർഗ്യൂ ചെയ്തത്. അദ്ദേഹത്തിന്റെ ആർഗ്യുമെന്റ്സ് അങ്ങനെയായിരുന്നു. അതിനുവേണ്ടിയാണ് ഈ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻസ്. മാത്രമല്ല, കൗൾ ആന്റ് ശക്ധറിലെ പ്രസക്തമായ ഭാഗങ്ങൾ വച്ചുകൊണ്ട് അദ്ദേഹം ആർഗ്യു ചെയ്ത കാര്യമാണ്. സ്റ്റാറ്റസ്കോ മാത്രമല്ല അതുപോലെതന്നെ അതിന്റെ റെസ്റ്റാറേഷനും അദ്ദേഹം പറഞ്ഞു. ഇത് ഇപ്പോൾ നമ്മുടെ മുമ്പിലുള്ള നിയമത്തിൽ അബോളിഷ് ചെയ്തിരിക്കുന്നു. അതേസമയത്ത് ഇവിടെ നിലനിന്നിരുന്നതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം പറഞ്ഞത്. ഞാൻ പറഞ്ഞല്ലോ കോൺസ്റ്റിറ്റ്യൂഷണലായിട്ട് അല്ലെങ്കിൽ സ്റ്റാറ്റസ്കോ ആന്റ് റെസ്റ്റാറേഷൻ, അതിന്റെ അടിസ്ഥാനത്തിൽ ആണ് അദ്ദേഹത്തിന്റെ ആർഗ്യുമെന്റ്, അദ്ദേഹത്തിന്റെ ആർഗ്യുമെന്റ് ഞാൻ തള്ളിക്കളയുന്നില്ല. തള്ളിക്കളയാൻ ഒക്കില്ല. ആർഗ്യുമെന്റ് വച്ചുകൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്. ഇതിനകത്തുള്ള റെമഡി, റെമഡിയെന്നുള്ളത് മാത്രമല്ല ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് നമ്മുടെ ഒരു തീരുമാനം എന്താണ് എന്നുള്ളതാണ് അതിനെ സംബന്ധിച്ച് ആലോചിക്കാനുള്ളത്. പ്ലീസ്, പ്ലീസ്, അത് വേണ്ട. വേണ്ട ആര്യാടൻ ഡീറ്റെയിൽസിലേക്കു പോകേണ്ട കാര്യമില്ല. ഇതു സംബന്ധിച്ച് നമ്മുടെ നിയമസഭയിൽ കഴിഞ്ഞകാലങ്ങളിൽ ഇത്തരത്തിലുള്ള കീഴ്വഴക്കങ്ങളൊന്നും ഉണ്ടായിട്ടില്ല. അതൊക്കെ പരിശോധിച്ചു. എന്തെങ്കിലും പ്രീസിഡന്റ് സ് അതിനെ സംബന്ധിച്ച് ഉണ്ടോയെന്ന് പരിശോധിച്ചു, അപ്പോൾ അങ്ങനെയൊന്നും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇവിടെ നൽകിയ റൂൾസനുസരിച്ച് സെയിൽസ് ടാക്സിൽ നിലവിൽ 20 ശതമാനമായി ഇപ്പോൾ അമെന്റ് ചെയ്തത് നേരത്തെ 30 ശതമാനമായിരുന്നു. റെസ്റ്റോറേഷനാണ്, നേരത്തെ 30 ശതമാനമായിരുന്നു. ആ ആക്ടിൽ ഇത് നിലവിലുണ്ട്. എന്നിട്ട് അത് റൂൾ 207 അനുസരിച്ച് റെക്കമേന്റേഷൻ ഇല്ല എന്നു പറഞ്ഞു, ഓർഡറിലല്ലായെന്ന് പറഞ്ഞാണ് അവതരണാനുമതി നൽകാത്തത്.

മി. സ്പീക്കർ : ഇത് അല്ല, ശ്രീ. ആര്യാടൻ സംശയിക്കണ്ട. ഇന്നത്തെ കാര്യമല്ല, എന്നും അങ്ങനെതന്നെയാണ്. അത് ഓർഡറിലാണോയെന്ന് പരിശോധിക്കുന്നത് ഈ രൂപത്തിൽ തന്നെയാണ്. അക്കാര്യത്തിൽ സംശയമില്ല. പക്ഷേ, ഇവിടെയുണ്ടായ സംഗതിയാണ് ഇവിടെ സൂചിപ്പിച്ചത്. ശ്രീ. കെ. എം. മാണി ഉന്നയിച്ചു. ധനകാര്യവകുപ്പുമന്ത്രി അതു സംബന്ധിച്ച് അദ്ദേഹത്തിന്റെ വ്യൂ ഇവിടെ പ്രകടിപ്പിച്ചു, ഇതിൽ സബ്ജക്ട് കമ്മിറ്റിയിൽ വന്ന ഭേദഗതി. അത് ഗവർണ്ണറുടെ റെക്കമെന്റേഷനുവേണ്ടി അയയ്ക്കേണ്ടതല്ലേ, അയയ്ക്കുന്നതിൽ തെറ്റില്ല. അയയ്ക്കാം. അയയ്ക്കുന്നതിന് അപാകതയില്ല. പറയുമ്പോൾ ഒരു കാര്യം പറയട്ടെ എന്തിനാണ് ഒരു ബില്ലിന് ഗവർണ്ണറുടെ റെക്കമെന്റേഷൻ ഉണ്ടോയെന്നുള്ളതാണല്ലോ നാം നോക്കുന്നത്. ഇപ്പോൾ എടുക്കുന്ന ബില്ലിന് കോൺസ്റ്റിറ്റ്യൂഷണലായിട്ട് ഗവർണ്ണറുടെ റെക്കമെന്റേഷൻ ഉണ്ട്. ആ ബില്ലിൽ ഒരു പ്രൊവിഷനെപ്പറ്റിയാണ് പറയുന്നത്. ബില്ലിന് റെക്കമെന്റേഷനില്ല. എന്നുപറഞ്ഞാൽ ഒരു സീരിയസ് ക്വസ്റ്റ്യനാണ്. അങ്ങേയ്ക്ക് അറിയാമല്ലോ ബില്ലിന് ഗവർണ്ണറുടെ റെക്കമെന്റേഷൻ നൽകിയിട്ടുണ്ട്. അതും കാണുന്നു. ഇതെല്ലാം വച്ചുകൊണ്ടാണ് പറയുന്നത്, ഇതിനൊക്കെ പ്രൊവിഷനുണ്ട്, കൗൾ ആന്റ് ശക്ധറിൽ മാത്രമല്ല, ഈ കോൺസ്റ്റിറ്റ്യൂഷനിൽ തന്നെ ആർട്ടിക്കിൾ 255. ആ 255 എന്നുപറയുന്നത്. No Act of Parliament or of the Legislature of a State and no provision in any such Act, shall be invalid by reason only that some recommendation or previous sanction required by this Constitution was not given. പക്ഷേ, പ്രസിഡന്റ് അല്ലെങ്കിൽ ഗവർണ്ണർ, നോ, നോ, അങ്ങ് പറയുന്ന പ്രൊവിഷൻ എന്റെ കൈയിൽ ഇരിക്കുകയാണ്. പ്രസിഡന്റിനും ഗവർണ്ണർക്കും എല്ലാപേർക്കും ബാധകമായിട്ടുള്ളതുണ്ട്. അതിൽ കോൺസ്റ്റിറ്റ്യൂഷനിൽ തന്നെ പറയുന്നുണ്ട്. ലെജിസ്ലേച്ചറിൽ നിന്നാണ്. പ്രസിഡന്റിനു മാത്രമല്ല, അത് ലെജിസ്ലേച്ചറിനും നമുക്കും ബാധകമാണ്. അതിൽ വളരെ ക്ലിയറായിട്ടു പറയുന്നുണ്ട്, ആ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻ 255-ൽ പറയുന്നുണ്ട്. പ്ലീസ് ഹിയർ മീ. അതിൽ (എ) ശ്രീ. ആര്യാടൻ പറഞ്ഞതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ്. 255 (എ) വായിക്കാം Where the recommendation required was that of the Governor, either by the Governor or by the President എന്നുപറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ് ? വളരെ ക്ലീയറാണ്, സ്പെസിഫിക് ആയിട്ട് പറഞ്ഞിട്ടുണ്ട്, അതിനോടുകൂടി ആഡ് ചെയ്ത് പറയുന്നുണ്ട്. subsequent assent cures absence of previous sanction.

Shri. K. M. Mani : Suppose, the Legislature passes the Bill, send it for assent....

മി. സ്പീക്കർ : അസന്റോടുകൂടി പരിഹരിക്കാമെന്നു പറയുന്നുണ്ട്. പ്ലീസ് അങ്ങനെ ഒരു ആർഗ്യുമെന്റ് ശരിയല്ല കേട്ടോ, അങ്ങനെ ഒരു ആർഗ്യുമെന്റ് റൂളിംഗ് സമയത്ത് ശരിയല്ല. ഞാൻ അനുവദിച്ചത് ഒരു ഹെൽത്തി ഡിസ്ക്ഷന് വേണ്ടിയാണ്. അതു മിസ്യൂസ്—നോ. നോ. ഞാൻ ഒരു ഫൈനൽ റിപ്ലൈയല്ല പറയുന്നത്. ഇങ്ങനെയുള്ള കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻസ് ഉണ്ട്. അതേ പോലെതന്നെ അതിലുള്ള പ്രൊവിഷൻസ് ഉണ്ട്. കൗൾ ആന്റ് ശക്ധറിലുള്ള പ്രീസിഡന്റ്സ് ഉണ്ട്. കൗൾ ആന്റ് ശക്ധറിൽ ഒത്തിരി കാര്യങ്ങൾ പറയുന്നുണ്ട്. അതിലുള്ള പ്രൊവിഷൻസെല്ലാം ഞാൻ പറയുന്നില്ല. Abolition, reduction or limits of the tax proposed in the Bill, or increase such tax up to the limits of an existing tax. ഇതൊക്കെയുണ്ട്. കാരണം ഇതിൽ ഒരുപാട് loopholes ഉണ്ട്. കൗൾ ആന്റ് ശക്ധർ എന്നുപറഞ്ഞാൽ പറയണ്ടല്ലോ. ഞാൻ എന്താണെന്ന് പറയണ്ടല്ലോ പറയാതിരിക്കുകയാണ് നല്ലത്. അതിലാണ് സ്റ്റാറ്റസ്കോ വരുന്നത്. അതിലാണ് ഇൻക്രീസ് എന്നു പറയുമ്പോൾ, ഇൻക്രീസിന്റെ കാര്യവും ഇവിടെ പറയുന്നുണ്ട്. Increase the rate of duty in one particular item but *reduce it in* another so that the total effect of the amendment is to reduce the tax. പല പ്രൊവിഷൻസ് ഉണ്ട്. ഇതെല്ലാം വച്ചുകൊണ്ട് ഇതിപ്പോൾ കിട്ടിയില്ലായെന്നുള്ളത് കൊണ്ട്, അസന്റ് പ്രത്യേകം ചോദിച്ചില്ല എന്നുള്ളതുകൊണ്ട് ഒരു ഒബ്ജക്ഷനായിട്ട് ചെയർ കരുതുന്നില്ല. അതിന് പ്രത്യേകിച്ച് വാങ്ങിക്കുന്ന റെക്കമെന്റേഷൻ ആകാമായിരുന്നു. ഇന്നലെ ഞാൻ അതിനെ സംബന്ധിച്ച് പറഞ്ഞു അപ്പോൾ അതുകൊണ്ട് ഇത് ഒബ്ജക്ഷനായിട്ട് ചെയർ കരുതുന്നില്ല. അതേസമയം ഒരു കാര്യംകൂടി ചെയർ പറയാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ വലിയ ഡിബേറ്റൊക്കെ നടന്നു. അദ്ദേഹം പറഞ്ഞ ഒരു പോയിന്റ് ഉണ്ട്. ഇത് ഏത് സ്റ്റേജിലായിരുന്നു കൊണ്ടു വരേണ്ടിയിരുന്നത്? അങ്ങനെഎല്ലാ കാര്യങ്ങളും. അതെല്ലാമുണ്ട്, എല്ലാം വച്ചുകൊണ്ട് ചെയർ പറയുന്നു. ഇതാണ് നമ്മുടെ ഇപ്പോഴത്തെ ഇതിനെ സംബന്ധിച്ചുള്ള തീരുമാനം എങ്കിലും ഭാവിയിൽ ഒരു കീഴ്വഴക്കമായി സ്വീകരിച്ചുകൂടാ. അതും ചെയർ പറയാൻ ആഗ്രഹിക്കുകയാണ്. നിയമസഭയുടെ കഴിഞ്ഞ കാലചരിത്രം പരിശോധിച്ചുകൊണ്ട് പറയുകയാണ്. അങ്ങനെ ഒരു കീഴ്വഴക്കമില്ല. ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുവച്ചു കൊണ്ടുകൂടി പറയുകയാണ്. ഭാവിയിൽ ഇതൊരു കീഴ്വഴക്കമായിക്കൂടാ എന്ന കാര്യവും പറയുന്നു. അപ്പോൾ അങ്ങയുടെ പ്രശ്നം തീർന്നല്ലോ, ആ രൂപത്തിൽ ഇതിനെ കൺസിഡർ ചെയ്യണം. ഇനി വാക്കു വേണ്ട, എനിക്ക് റിപ്ലൈ ചെയ്യാൻ പറ്റില്ല. ഇനി ഇതിലുള്ള ഭേദഗതികളിലേക്ക് കടക്കാം. ഭേദഗതികൾ വരുമ്പോൾ രണ്ട് ഭേദഗതികൾ ഉണ്ട്. ആദ്യത്തെ ഭേദഗതി ശ്രീ. സി. ടി. അഹമ്മദ് അലിയുടേതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ എന്റെ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1957-ലെ കേരള നികുതിയിന്മേലുള്ള സർച്ചാർജ് ആക്ടിൽ ഒരു ഭേദഗതി ആവശ്യമായി വന്ന സാഹചര്യത്തിൽ ഇവിടെ ചർച്ച ചെയ്യപ്പെടുകയാണ്. 1 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപവരെയാണ് നേരത്തെ നിലവിലുണ്ടായിരുന്ന വ്യവസ്ഥ. 1957-ലെ ആക്ട് പ്രകാരം അത് അഞ്ച് ശതമാനം സർചാർജ് ടാക്സിന്റെ മേൽ നൽകേണ്ടതായിവന്നു. അതോടൊപ്പം തന്നെ 10 ലക്ഷത്തിനുമുകളിൽ ഇത് 10 ശതമാനമായിരുന്നു നിലവിലുണ്ടായിരുന്ന വ്യവസ്ഥ. 1995 ഡിസംബർ രണ്ടാം തീയതി ഡൽഹിയിൽ വച്ചുനടന്ന സംസ്ഥാന ധനകാര്യവകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ വിൽപ്പനനികുതി കുറഞ്ഞ നിരക്കിൽ ഏകീകരിച്ച് നടപ്പിലാക്കുന്നതിനുള്ള ഒരു നിർദ്ദേശമുണ്ടായി. സർ, സംസ്ഥാന സർക്കാരുകളെ സംബന്ധിച്ചിടത്തോളം വിവിധ നിരക്കിലുള്ള വിൽപ്പന നികുതിയാണ് ഒരോ സംസ്ഥാനത്തും നിലവിൽ ഉണ്ടായിരിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അമെന്റ് മെന്റ് ടു ക്ലാസ് 3

മി. സ്പീക്കർ : അത് ഇപ്പോൾ വേണ്ട.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കേന്ദ്ര ഭരണപ്രദേശങ്ങളിൽ വിൽപ്പന നികുതി നിരക്കുകൾ മിക്കവാറും അയൽ സംസ്ഥാനങ്ങളിലേതിനേക്കാൾ വളരെ കുറവാണ്. വ്യാപാര വ്യതിചലനം മൂലം ഇത് സംസ്ഥാനത്തെ വളരെയേറെ ബുദ്ധിമുട്ടിലാക്കുകയും റവന്യൂ വരുമാനം നഷ്ടപ്പെടുവാൻ ഇടയാക്കുകയും ഉണ്ടായി. 1999 നവംബർ 16-ാം തീയതി കേന്ദ്ര ധനകാര്യമന്ത്രി വിളിച്ചുകൂട്ടിയ മുഖ്യമന്ത്രിമാരുടേയും ധനകാര്യമന്ത്രിമാരുടേയും യോഗത്തിൽ വിൽപ്പന നികുതി ഏറ്റവും കുറഞ്ഞ നിരക്കിൽ ഏകീകരിക്കുന്നതിന് സംസ്ഥാനങ്ങൾക്കിടയിൽ ഒരു ധാരണ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഒരു ഓർഡിനൻസ് മുഖേന ഈ 2000 ജനുവരി 1-ാം തീയതി തന്നെ പ്രാബല്യത്തിൽ വരുത്തത്തക്കവണ്ണം ഈ ഏകീകരിച്ച നിയമം നടപ്പാക്കുകയുണ്ടായി. ഈ നിയമം നടപ്പാക്കിയെങ്കിലും വാസ്തവത്തിൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രതീക്ഷയോടുകൂടിയായിരുന്നു ഈ രാജ്യത്തെ നികുതി ഘടനയിൽ ഒരു മാറ്റം ഉണ്ടാകുമെന്നും സാധാരണക്കാർക്ക് ആശ്വാസം ഉണ്ടാകുമെന്നും പ്രതീക്ഷിച്ചതായിരുന്നു. കാരണം മാഹി പോലുള്ള സംസ്ഥാനങ്ങളിൽ ടാക്സ് ഇല്ലാത്ത മേഖലകളിൽ ടാക്സ് ഉണ്ടായി എന്നുള്ളതിൽ കവിഞ്ഞ് മറ്റ് സംസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തെ പോലുള്ള സംസ്ഥാനങ്ങളിൽ നികുതിഭാരം കുറയ്ക്കാൻ കഴിയാതെ പോയത് ദൗർഭാഗ്യകരമാണ് അതോടൊപ്പം തന്നെ ഇതിന്റെ ഏതൊരു സദുദ്ദേശത്തോട് കൂടിയാണ് മുഖ്യമന്ത്രിമാരും അതുപോലെ ധനകാര്യവകുപ്പുമന്ത്രിമാരും തീരുമാനം എടുത്തതെങ്കിലും അത് പൂർണ്ണമായും ഇനിയെങ്കിലും നമ്മുടെ സംസ്ഥാനം നമ്മുടേതായ അഭിപ്രായപ്രകടനങ്ങളും ശക്തമായ പോരാട്ടവും

LIBRARY ARCHIVES Kerala Legislative Assembly

നടത്തിക്കൊണ്ട് എല്ലാ സംസ്ഥാനങ്ങളിലും അത് തീർച്ചയായും ഏകീകരിച്ച് നയം നടപ്പാക്കാനും നികുതി നിരക്ക് കുറയ്ക്കാനും ആവശ്യമായ നടപടികൾക്ക് നമ്മുടെ സംസ്ഥാനം മുൻകൈ എടുക്കണം എന്നുതന്നെയാണ് ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നത് ഏറ്റവും കാര്യക്ഷമതയോടുകൂടി, ഒരു പ്ലാനിംഗോടുകൂടി, ഒരു ദൂരകാഴ്ചയോടുകൂടി ഈ നികുതി വകുപ്പിന്റെ പ്രവർത്തനം നമുക്ക് നടത്താൻ കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ ഏറ്റവും നല്ല നികുതി നിരക്ക് കുറച്ചുകൊണ്ടുതന്നെ നമുക്ക് ഏറ്റവും നല്ല വരുമാനം നമ്മുടെ സംസ്ഥാനത്തും കണ്ടെത്താൻ കഴിയും. അതിന് ഇന്ന് ശ്രമിക്കുന്നില്ലാ എന്നുള്ളതാണ് നമ്മെ സംബന്ധിച്ചിടത്തോളം പോരായ്മ ഉള്ളത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന് നികുതി വകുപ്പിന്റെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. കുടിശ്ശിക, നികുതി വർദ്ധനവിനെ സംബന്ധിച്ചിടത്തോളം ഇവിടെ പറയുമ്പോൾ ഓരോ വർഷവും ഏകീകരിച്ച നിരക്ക് ഇവിടെ നടപ്പാക്കുമ്പോൾ തന്നെ ഇവിടെ ഗവൺമെന്റ് ഇക്കാര്യത്തിൽ നടത്തിയത് ആ കുറവ് വരുന്ന നികുതി പകരമെങ്ങനെ മറ്റ് ഇനങ്ങളിൽ വർദ്ധിപ്പിക്കാമെന്നുള്ളതാണ്. ഇത് വാസ്തവത്തിൽ അശാസ്ത്രീയമാണ്. കാരണം നമ്മുടെ സംസ്ഥാനത്തെ നികുതി നിരക്ക് കൂട്ടാതെതന്നെ നമുക്കറിയാം ഡീസലിന്റെ വില കൂടി. അതുകൊണ്ട് ഓരോ വർഷവും നികുതി ഇനത്തിലുള്ള വരുമാനം നമുക്ക് വർദ്ധിക്കുകയുണ്ടായി. അതുപോലെ സാധനങ്ങളുടെ വില ഓരോ വർഷവും ഓരോ മാസവും കൂടിക്കൂടി വരുന്നുണ്ട്. അപ്പോൾ വിറ്റുവരവ് കൂടുന്നതിനനുസരിച്ച്, അതിന്റെ വിലവർദ്ധനവനുസരിച്ച് നമ്മുടെ നികുതി എത്രയോ കണ്ട് വർദ്ധിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ നമുക്ക് കുറെക്കൂടി ഈ കാര്യത്തിൽ ദൂരക്കാഴ്ചയോടുകൂടി കാണാൻ കഴിഞ്ഞാൽ, നികുതി നിരക്ക് കുറയ്ക്കുകയും ചെയ്താൽ, കുറെക്കൂടി നികുതി വെട്ടിപ്പുകളും അതുപോലെ തന്നെ നികുതി ചോർച്ചകളും നമുക്ക് തടയാൻ കഴിയും. ഇന്ന് കുടിശ്ശിക ഒട്ടേറെ കിടക്കുന്നുണ്ട്. ആ കുടിശ്ശികകൾ എത്രയോ വർഷങ്ങളായി കോടതികളിൽ കിടക്കുന്നുണ്ട്. സ്റ്റേമൂലം. അതുപോലെതന്നെ നമ്മുടെ വിവിധ ട്രൈബ്യൂണലുകളിൽ ആയിരക്കണക്കിന് കേസുകൾ തീർപ്പാകാതെ കിടക്കുകയാണ്. അതിനെല്ലാം തന്നെ ആവശ്യമായ ട്രൈബ്യൂണലുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അതുപോലെതന്നെ അദാലത്ത് നമ്മുടെ പല കേസുകളും തീർപ്പാക്കുന്നത് നമുക്കറിയാം, കോടതികൾ പോലും ഇന്ന് പല സ്ഥലങ്ങളിലും അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് ഒട്ടേറെ തർക്കങ്ങൾ തീർത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തുകൊണ്ട് ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന കേസുകൾ രാജി ആക്കുന്നതിനുള്ള ഒരു നടപടി സ്വീകരിക്കാൻ, ഒരു ഇളവ് അനുവദിക്കണം അല്ലാതെ ആ കുടിശ്ശിക മുഴുവനും അടയ്ക്കണം എന്ന് വിചാരിച്ചാൽ വാസ്തവത്തിൽ അത് അശാസ്ത്രീയമായ അസ്സസ്മെന്റ് മൂലം എത്രയോ നികുതി, നമ്മുടെ ഉദ്യോഗസ്ഥന്മാർക്ക് വിവേചനാധികാരം ഉപയോഗിച്ചുകൊണ്ട് ആകെ ടേൺ റൗണ്ടിന് മുകളിൽ ചുമത്തുന്ന ടാക്സ് അത് ലക്ഷക്കണക്കിന് രൂപയുടെ വിറ്റുവരവ് ഉണ്ടാക്കുമ്പോൾ അതിന്റെ മേൽ ടാക്സ് ഈടാക്കാതെ സ്വയം വ്യാപാരികൾ അടയ്ക്കേണ്ടതുണ്ട്. എത്രയോ വ്യാപാര സ്ഥാപനങ്ങൾ നശിച്ചിട്ടുണ്ട്. അതുപോലെതന്നെ ഈ കാര്യങ്ങളിൽ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കെട്ടിക്കിടക്കുന്ന കേസുകൾ, അതുപോലെ കുടിശ്ശികകൾ അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട്, അൽപ്പം ഇളവുകൾ അനുവദിച്ചുകൊണ്ട് നികുതി ചോർച്ചകൾ തടയാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ല നികുതി വരുമാനം ഉണ്ടാക്കാൻ കഴിയുന്ന ഒരു സംസ്ഥാനമാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം 1996 ഏപ്രിൽ 1-ാം തീയതി കഴിഞ്ഞ ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ അന്ന് നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 402.81 കോടി രൂപയായിരുന്നു. അത് ഇന്ന് ഓരോ വർഷവും വർദ്ധിച്ച് വർദ്ധിച്ച് വരികയാണ്. ഇങ്ങനെ അനിയന്ത്രിതമായി നമ്മുടെ കമ്മി വർദ്ധിക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികമായ അച്ചടക്കം തീർച്ചയായും നശിച്ചുപോകും. നമുക്ക് എവിടേയും എത്താൻ കഴിയാത്ത ഒരു അവസ്ഥ ഉണ്ടാകും. 1996-97-ൽ 643.03 കോടി രൂപ അന്ന് റവന്യൂ കമ്മി ഉണ്ടായിരുന്നു. 1997-98-ൽ 1122.91 കോടി രൂപയായി ഉയർന്നു. 1998-99 സാമ്പത്തിക വർഷത്തിൽ 2029.96 കോടി രൂപയായി നമ്മുടെ റവന്യൂ കമ്മി വർദ്ധിക്കുകയുണ്ടായി. 1999-2000 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞ നവംബർ വരെ സാമ്പത്തികവർഷം പൂർത്തിയാകാത്തത് കൊണ്ട് നവംബർ വരെ കിട്ടിയ കണക്കനുസരിച്ച് 1545.19 കോടി രൂപയായി റവന്യൂ കമ്മി മാറിയിരിക്കുകയാണ്. മാർച്ച് 31-ഓടുകൂടി അത് കുറെക്കൂടി വർദ്ധിക്കാൻ പോവുകയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ അടിയന്തിരമായും റവന്യൂ കമ്മി കുറയ്ക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാക്കേണ്ടതുണ്ട്. ഇവിടെ നേരത്തെ ആദ്യത്തെ ബില്ലിൽ ഒട്ടേറെ നികുതി നിർദ്ദേശങ്ങളെ സംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിൽ ആവശ്യമായ മാറ്റം വരുത്താമെന്നും സൂചിപ്പിച്ചു. നോട്ടിഫിക്കേഷനിലൂടെ മാറ്റം വരുത്താമെന്നാണ് സമ്മതിച്ചത്. തീർച്ചയായും അദ്ദേഹം അത് പൂർണ്ണമായും ഈ സഭയിൽ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ ഒരു ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. അത് സ്വീകരിക്കുമെന്ന് കരുതുകയും ചെയ്യുകയാണ്. നമ്മുടെ വ്യാവസായിക കാർഷിക മേഖല, വ്യാപാര മേഖല ആകെ തകർന്ന് വരികയാണ്. ഇന്ന് കാർഷികോൽപ്പന്നങ്ങളുടെ വില ഇടിഞ്ഞുകൊണ്ടിരിക്കുന്നു. വ്യവസായ മേഖല ആകെ തകർന്നിരിക്കുന്നു. നമ്മുടെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് പൂർണ്ണമായും ഓരോ സാമ്പത്തിക വർഷത്തിലും ലഭിക്കുന്നത് നികുതി ഈടാക്കുന്നതിനുള്ള ഭരണചെലവിന് പോലും മതിയാകില്ല. അതുകൊണ്ട് നമ്മുടെ കാർഷിക ആദായവിൽപ്പന നികുതി പൂർണ്ണമായും ഒഴിവാക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതോടൊപ്പം തന്നെ നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്കുള്ള വിൽപ്പന നികുതി ഗണ്യമായി കുറയ്ക്കേണ്ടതല്ലേ. ഞാൻ ഓരോന്നോരോന്നായി പറയുന്നില്ല. കശുവണ്ടിയുടെ കാര്യമെടുത്താൽ 8 ശതമാനം ആണ് നിലവിലുള്ളത്. അയൽ സംസ്ഥാനമായ കർണ്ണാടകയിൽ 2 ശതമാനം ആണ്. നമുക്ക് കിട്ടുന്ന ടാക്സ് പോലും കള്ളക്കടത്തായി പോകും. അതുകൊണ്ട് നമ്മുടെ നികുതി നിരക്ക് കുറച്ചാൽ തീർച്ചയായും വെട്ടിപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും കഴിയും. കശുവണ്ടി അടക്കമുള്ള കാർഷികോൽപ്പന്നങ്ങളുടെ വിൽപ്പന നികുതി കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണം. റെഡിമെയ്ഡ് ഗാർമെന്റ്സ് പോലുള്ളതിന് 8 ശതമാനം എന്നുള്ളത് 6 ശതമാനം ആക്കി കുറയ്ക്കാനും അതോടൊപ്പം തന്നെ ചെറുകിട വ്യവസായങ്ങളെ രക്ഷിക്കുവാനും കഴിയണം. ഒരു കാര്യം ഇവിടുത്തെ മെമ്പർമാരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയില്ല. നേരത്തേ മിനറൽ വാട്ടറിന് 20 ശതമാനം വിൽപ്പന നികുതി ആയിരുന്നു. ഒരു ബോട്ടിൽ വെള്ളത്തിന് 2 രൂപ ടാക്സ് കൊടുക്കേണ്ട അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. മിനറൽ വാട്ടർ ഇന്ന് സാധാരണക്കാരെല്ലാം ഉപയോഗിക്കുന്നതാണ്. അതുകൊണ്ട് അക്കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം. രോഗികൾ ഉപയോഗിക്കുന്ന ഗ്ലൂക്കോസ് പോലുള്ളവയ്ക്ക് 20 ശതമാനം ടാക്സുണ്ട്. ഇതിലെല്ലാം ഉദാരമായ സമീപനം സ്വീകരിക്കണം. ചായയ്ക്ക് 8 ശതമാനം ടാക്സ് ഉണ്ട്. അത് കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വീറ്റ് പ്രൊഡക്ഷൻസ്, അതുപോലെ അരിപോലുള്ള ഭക്ഷ്യവസ്തുക്കളെ കർണാടക ഗവൺമെന്റ് നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതൊഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇന്നലെ തലസ്ഥാനത്ത് സെക്രട്ടേറിയറ്റ് മാർച്ച് നടക്കുകയുണ്ടായി. അതിൽ കേരളത്തിലെ ഏതാണ്ട് ഇരുപതു ലക്ഷത്തോളം വരുന്ന വ്യാപാരികളും വ്യാപാരസ്ഥാപനവുമായി ബന്ധപ്പെട്ടവർ 80 ലക്ഷത്തോളം വരുന്ന അവരുടെ കുടുംബങ്ങൾ, അതുമായി ബന്ധപ്പെട്ട കയറ്റിറക്ക് തൊഴിലാളികൾ, പീഠിക തൊഴിലാളികൾ, ലോറി തൊഴിലാളികൾ തുടങ്ങി ഏതാണ്ട് 20 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ ഉണ്ട്. ഇവർ വ്യാപാര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവരാണ്. ഇന്നലെ വന്നവരിൽ എല്ലാ പാർട്ടിക്കാരുമുണ്ട്. ഏതെങ്കിലും ഒരു രാഷ്ട്രീയം കേരള വ്യാപാരി വ്യവസായ ഏകോപന സമിതിക്കില്ല എന്നാണ് മനസ്സിലാക്കുന്നത്. അതിൽ എല്ലാ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആളുകളുമുണ്ട്. ഒട്ടേറെ ആവശ്യങ്ങളുന്നയിച്ചുകൊണ്ടാണ് അവർ തലസ്ഥാനത്ത് ജാഥ നടത്തിയത്. അവരുടെ ന്യായമായ 21 ആവശ്യങ്ങളടങ്ങിയ നിവേദനം ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും നൽകപ്പെട്ടിരുന്നു. അതുകൊണ്ട് ആ കാര്യത്തിൽ അവരുമായി ചർച്ച ചെയ്യണം. അവരെ വിശ്വാസത്തിലെടുത്ത് കൊണ്ട്, നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്തെ ഏറ്റവും വലിയ വരുമാനം ഉണ്ടാക്കുന്ന ഒരു വിഭാഗത്തെ, അവരുടെ ന്യായമായ ആവശ്യങ്ങൾ ഒരു വട്ടമേശയ്ക്കു ചുറ്റുമിരുന്നുകൊണ്ട് ചർച്ച ചെയ്ത് കഴിയാവുന്നിടത്തോളം ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കൂടി സൂചിപ്പിക്കാനാഗ്രഹിക്കുന്നു. നമ്മുടെ വിൽപ്പന നികുതി ഓഫീസുകളും ചെക്ക് പോസ്റ്റുകളും കംപ്യൂട്ടറൈസ് ചെയ്യാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ ആവശ്യമായ വാഹനങ്ങളും അനുവദിക്കണം. വിൽപ്പന നികുതിവകുപ്പ് കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കാൻ കഴിയണമെങ്കിൽ അവർക്ക് ആവശ്യമായ വാഹനങ്ങൾ വേണം. അസസ്മെന്റ് ഫയലുകളുടെ എണ്ണം കൂടിക്കൂടി വരുന്നുണ്ട്. ആവശ്യമായ സ്റ്റാഫ് വേണം, ഓഫീസ് വേണം. മഴയത്ത് ഫയലുകൾക്ക് കേടു വരുന്നു. പൊട്ടിപ്പൊളിഞ്ഞ ഓഫീസുകളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് അടിയന്തിരമായി സെയിൽസ് ടാക്സ് ഓഫീസുകൾക്ക് ആവശ്യമായ കെട്ടിടങ്ങളും സൗകര്യങ്ങളും ഉണ്ടാക്കണം. ഉദ്യോഗസ്ഥന്മാർക്കും അതുപോലെ തന്നെ വ്യാപാരികൾക്കും സംരക്ഷണം നൽകണം. ഏറ്റവും അധികം സെയിൽസ് ടാക്സ് അടയ്ക്കുന്ന വ്യാപാരികളെ ആദരിക്കാനും അതുപോലെ സെയിൽസ് ടാക്സ് പിരിക്കുന്നതിൽ അവരെ പ്രോൽസാഹിപ്പിക്കാനുമുള്ള നടപടി കൂടി ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള നികുതികളിൻമേലുള്ള സർചാർജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ സർച്ചാർജ് എന്നു പറയുന്നത്

4 P.M.] ഉപഭോക്താക്കളെ ബാധിക്കുന്ന നികുതി അല്ല. കച്ചവടക്കാരൻ അവന്റെ ലാഭത്തിൽ നിന്ന് കൊടുക്കേണ്ട വീതമാണ്. അതിപ്പോൾ മദ്യത്തിലേക്ക് മാത്രമാക്കി ചുരുക്കുകയാണ് ഈ ബിൽ ഇപ്പോൾ ചെയ്യുന്നത്. പക്ഷേ, നമ്മുടെ സംസ്ഥാനത്തെ വ്യാപാരവിഭാഗത്തിൽ ചില സംഘടനകൾ ഇതിനെതിരായും സെയിൽസ് ടാക്സിനെതിരായും അതിന്റെ നടപടികൾക്കെതിരായും ഉയർത്തി കൊണ്ടുവരുന്ന ചില അഭിപ്രായങ്ങൾ ബഹുമാനപ്പെട്ട സി.ടി. അഹമ്മദ് അലി ഇവിടെ സൂചിപ്പിച്ചു. ഇന്നലെ ഇവിടെ വന്ന വ്യാപാരികളിൽ ചിലരെ കണ്ട് സംസാരിച്ചപ്പോൾ അവർ ഈ പ്രകടനത്തിന് വന്നതിന്റെ പ്രധാനപ്പെട്ട ഒരു ഉദ്ദേശം സൂചിപ്പിച്ചിട്ടുള്ളത്. പീടിക പരിശോധിക്കാൻ ഇനിമേലിൽ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ കയറില്ല. കയറാതാക്കാനുള്ള എല്ലാ നടപടിയും അവരുടെ സംഘടന എടുത്തു എന്നാണ്. ആ വിശ്വാസം ഉണ്ടാക്കി സംഘടനയിൽ ആളെ അണിനിരത്തുന്ന സമീപനം ആണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഞാൻ അക്കാര്യത്തെപ്പറ്റി സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അങ്ങേയറ്റം അപകടകരമായ ഒന്നാണിത്. കൃത്യമായി ടാക്സ് കൊടുക്കുന്ന ഒരു കച്ചവടക്കാരന്റേയും കട പരിശോധിക്കണമെന്നോ, കണക്ക് പരിശോധിച്ചു പീഡിപ്പിക്കണമെന്നോ ഞാൻ അഭിപ്രായപ്പെടുന്നില്ല. പക്ഷേ, എല്ലാവരും അങ്ങനെയാണോ ? എല്ലാവരും സി.ടി. അഹമ്മദ് അലിയെ പോലുള്ള കച്ചവടക്കാരല്ലല്ലോ. കണക്ക് കൃത്യമായി കൊടുക്കാറുള്ളതും വാങ്ങിയ ടാക്സ് കൊടുക്കാത്തതുമായ വലിയ വിഭാഗം ആളുകൾ ഇക്കൂട്ടത്തിലുണ്ട് എന്ന വസ്തുത വിസ്മരിച്ചുകൂടാ..... ബഹളം.....കച്ചവടക്കാർ.....നിയമസഭയിലല്ല.....ഇടപെട്ടാൽ എന്റെ പ്രസംഗം നീണ്ടുപോകും. ഞാൻ സൂചിപ്പിക്കുന്നത് കച്ചവടസ്ഥാപനം പരിശോധിക്കാൻ പാടില്ല, ഇനി ഏതെങ്കിലും സ്ഥലത്ത് പരിശോധിക്കാൻ ഉദ്യോഗസ്ഥൻ വന്നാൽ കച്ചവടക്കാരെ കൂട്ടിയും ബലമുപയോഗിച്ചും അവരെ കൈയേറ്റം ചെയ്ത് പിൻതിരിപ്പിക്കും എന്ന ഒരു പ്രവണത നമ്മുടെ സംസ്ഥാനത്തുണ്ടാക്കാൻ ചില കച്ചവട സംഘടനകൾ ഇന്ന് രംഗത്തിറങ്ങിയിട്ടുണ്ട്. അങ്ങേയറ്റം അപകടകരമായ ഒരു സമീപനമാണിത്. നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഒരാളും പിന്തുണ കൊടുക്കാൻ പാടില്ലാത്ത ഒന്നാണ്. ഒരാളെയും പീഡിപ്പിക്കാനോ, അല്ലെങ്കിൽ പീഡിപ്പിക്കത്തക്ക വിധത്തിലുള്ള സമീപനമോ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് ഉണ്ടാകരുത്. എന്നാൽ കൃത്യമായി കണക്ക് കൊടുക്കാതിരിക്കുമ്പോൾ, വാങ്ങിയ ടാക്സ് ഗവൺമെന്റിലേക്ക് സമയത്ത് അടയ്ക്കാതിരിക്കുമ്പോൾ, അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടാനുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്കുണ്ടാകണം. ആ അധികാരം ഉപയോഗപ്പെടുത്തുന്നതിന് സംഘടിത ശക്തി ഉപയോഗിച്ച് തടയാൻ ശ്രമിച്ചാൽ അത് ആരുടെ ഭാഗത്തായാലും പരമാവധി ഗവൺമെന്റ് എന്ന നിലയിലുള്ള ഇടപെടലും ശക്തിയും ഉപയോഗിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പിരിച്ചെടുത്ത ടാക്സ് ഒരു വലിയ സംഖ്യ നമ്മുടെ സംസ്ഥാനത്ത് ഈടാക്കി എടുക്കാനുണ്ട്. അത് സമയത്ത് ഈടാക്കിയെടുക്കാൻ വേണ്ടി ഗവൺമെന്റ് നടപടിയെടുക്കണം. ടാക്സ് പിരിച്ചെടുത്തിട്ട് മാസങ്ങൾ കഴിഞ്ഞിട്ടാണ് ഗവൺമെന്റിലേക്ക് അടയ്ക്കേണ്ടത്. ആ പണം അടയ്ക്കാതിരിക്കുക എന്ന സമീപനം ഒരു നിലയിലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഈ സെയിൽസ് ടാക്സ് ഏകീകരണത്തോട് അനുകൂലിക്കുന്നു. പക്ഷേ, അന്യസംസ്ഥാനത്തെ ടാക്സും നമ്മുടെ സംസ്ഥാനത്തെ ടാക്സും സംബന്ധിച്ച് വസ്തുനിഷ്ഠമായ ഒരു വിലയിരുത്തൽ വേണം. റെയിൽവേ വഴിക്ക് ഒരുപാട് സാധനങ്ങൾ തമിഴ്നാട് പോലുള്ള സംസ്ഥാനത്തു നിന്ന് നമ്മുടെ സംസ്ഥാനത്തേക്ക് വരുന്നുണ്ട്. ഞങ്ങളുടെയെല്ലാം പ്രദേശത്തു നിന്ന് ബാംഗ്ലൂരിൽ പോയിവരുന്ന ടൂറിസ്റ്റ് ബസ്സുകളിൽ ഒരുപാട് സാധനങ്ങൾ കർണാടക സംസ്ഥാനത്തുനിന്നും വരുന്നുണ്ട്. ആ സംസ്ഥാനങ്ങൾക്ക് ഇതുപോലെ സാധനങ്ങൾ കൊണ്ടുവരാൻ ഉയർന്ന ടാക്സ് വേണം. ഇവിടെയുള്ള പലതിനും അവിടെ ടാക്സില്ല. ചിലതിന് ചുരുങ്ങിയ ടാക്സാണ് ഉള്ളത്. ഇതുകൂടി ഗവൺമെന്റ് കണക്കിൽ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അതുപോലെ തന്നെ മാഹി. മാഹി ഒരു ചെറിയ പ്രദേശമാണ്. അവിടത്തെ പ്രധാനപ്പെട്ട കച്ചവടസാധനങ്ങൾക്ക് പലതിനും ടാക്സില്ല എന്നതുകൊണ്ടും പലതിനും ചുരുങ്ങിയ ടാക്സാണ് ഉള്ളതെന്നതുകൊണ്ടും മലബാറിലെ വിവിധഭാഗത്തുള്ള ആളുകളാണ് അവിടെ പോയി സാധനം വാങ്ങിക്കൊണ്ടു വരുന്നത് എന്നതുകൂടി കണക്കിലെടുത്തുകൊണ്ട് മറ്റ് സംസ്ഥാനത്തിലെ ടാക്സും നമ്മുടെ സംസ്ഥാനത്തിലെ ടാക്സും കൂടി വിലയിരുത്തിക്കൊണ്ടുള്ള സമീപനം എടുത്തില്ലെങ്കിൽ നമ്മുടെ ടാക്സ് ശതമാനം ഗണ്യമായി വെട്ടിക്കുറയ്ക്കപ്പെടും എന്നതു കൂടി വരുന്നു. പല രംഗത്തും ക്രിയാത്മകമായ ഒരു സമീപനമാണ് ബഹുമാനപ്പെട്ട മന്ത്രിയെടുക്കുന്നത്. കാർഷിക മേഖലയിൽ കൃഷിക്കാരെ ബുദ്ധിമുട്ടിക്കത്തക്ക വിധത്തിൽ വരുന്ന നടപടികളെല്ലാം ഒഴിവാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ടാക്സുകൾ ഒഴിവാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതിനെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു. കാർഷിക മേഖലയിലെ നിലനിൽപ്പ് പ്രത്യേകിച്ച് നമ്മുടെ കേന്ദ്രഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്ന നടപടിയുടെ ഭാഗമായി പല കാർഷികോൽപ്പന്നങ്ങളും മുഖ്യവിളയായി, വരുമാനമായി ജീവിക്കുന്ന കൃഷിക്കാർക്ക് പിടിച്ചു നിൽക്കാൻ കഴിയാത്ത ഒരു ഘട്ടത്തിൽ പരമാവധി അവരെ സഹായിക്കത്തക്കവിധത്തിലുള്ള സമീപനമായിരിക്കണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. ഖാദി, ഗ്രാമവ്യവസായത്തിന്റെ അംഗീകൃത യൂണിറ്റുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഫ്രിഡ്ജ്, എയർ കണ്ടീഷണർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുണ്ടാക്കുന്നുണ്ട്. ഈ തരത്തിൽ വൻകിട യൂണിറ്റുകൾക്ക് ഒരു സൗകര്യം കൊടുക്കണമെന്ന് എനിക്ക് അഭിപ്രായം ഇല്ല. എന്നാൽ സോപ്പ്, ചെരിപ്പ് ഇതുപോലുള്ള ചെറുകിട സാധനങ്ങൾ പിടിച്ചു

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കാൻ വിഷമിക്കുന്ന ചെറുകിട സ്ഥാപനങ്ങൾ, അത്തരം താണതരം സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവരെ ടാക്സിൽനിന്ന് ഒഴിവാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും കൃഷിക്കാരെ സഹായിക്കത്തക്ക വിധത്തിൽ നികുതിയുടെ സമീപനം കൈക്കൊള്ളുമെന്ന് പറഞ്ഞതും അങ്ങേയറ്റം അഭിനന്ദനാർഹമായ നടപടിയാണ്. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ബാക്കി എന്തൊക്കെയാണ് കുറയേണ്ടത് എന്നുവച്ചാൽ അത് കുറയുമെന്ന് അവർ വിചാരിച്ചോട്ടെ.

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. ടി. ശിവദാസമേനോൻ : സർ, സി. ടി. അഹമ്മദ് അലി കാര്യമായി സംസാരിച്ചു. ബാലൻവൈദ്യരും സംസാരിച്ചു. ചില നിർദ്ദേശങ്ങൾ വച്ചു. അതിനൊരു മറുപടിയായി പറയാൻ ആഗ്രഹിക്കുന്നില്ല. അത്രയേയുള്ളു.

മി. സ്പീക്കർ : ശ്രീ. സി. ടി. അഹമ്മദ് അലി അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ.....

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2000-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രശ്നത്തെ.....അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ 105-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു. സംസാരിക്കുന്നില്ല.

(105) In sub-section (1) proposed to be substituted, the words and figures "sub-section (1) of section 5 of" shall be deleted.

ശ്രീ. ടി. ശിവദാസമേനോൻ : ഭേദഗതി സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ജോണി നെല്ലൂർ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Shri. T. Sivadasa Menon : Sir, I move the following amendments :

(106) For sub-clause (1) of Clause (3) of the Kerala surcharge on Taxes (Amendment) Bill, 2000, the following sub-clause shall be substituted, namely :- "(1) The Kerala Taxation Laws (Amendment) ordinance, 1999) (7 of 1999) except section 4 there of is hereby repealed"

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഒഫിഷ്യൽ അമെന്റുമെന്റ് അംഗീകരിക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒഫീഷ്യൽ അമെന്റുമെന്റ് സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2000-ലെ കേരള നികുതികളിൻ മേലുള്ള സർച്ചാർജ്ജ് (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2000-ത്തിലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സാക്കിയിരിക്കുന്നു.

ഓർഡർ, ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും 13-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

2000 മാർച്ച് 13-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കാനായി സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XXVI

REPORT OF THE SUBJECT COMMITTEE
ON
THE KERALA SURCHARGE ON TAXES (AMENDMENT) BILL, 2000
AND
THE BILL AS REPORTED BY THE SUBJECT COMMITTEE

LIBRARY ARCHIVES Kerala Legislative Assembly

935/2010.

THE KERALA SURCHARGE ON TAXES (AMENDMENT)

BILL, 2000

(Report of the Subject Committee)

Subject Committee VIII—Economic Affairs to which the Kerala Surcharge on Taxes (Amendment) Bill, 2000 was referred, considered The Bill clause by clause and now submits this, its report with the Bill as reported by the Committee annexed thereto.

2. The Kerala Surcharge on Taxes (Amendment) Bill, 2000 was published as a Gazette Extraordinary dated 21st February 2000. The bill was introduced in the Assembly on March 1, 2000 and was referred to the Committee on the same day.

The Committee considered the Bill clause by clause at the meeting held on March 1, 2000. The Committee recommends to adopt the bill with the following modification :

For clause 2 the following shall be substituted, namely :—

"2. *"Amendment of Section 3.*— In the Kerala surcharge on Taxes Act, 1957 (11 of 1957) (hereinafter referred to as the principal Act), in Section 3, for sub-section (1) the following sub-section shall be substituted, namely :—

"(1) The tax payable under sub-section (1) of section 5 on the Kerala General Sales Tax Act, 1963, by a dealer in foreign liquor shall be increased by a surcharge at the rate of ten percent, and the provisions of the Kerala General Sales Tax Act, 1963 shall apply in relation to the said surcharge as they apply in relation to the tax payable under the said Act."

T SIVADASA MENON

Chairman,

Subject Committee VIII

LIBRARY ARCHIVES Kerala Legislative Assembly

THE KERALA SURCHAEGE ON TAXES (AMENDMENT) BILL, 2000

(As reported by the Subject Committee)

[The words sidelined indicate the modifications suggested by the committee]

A

BILL

further to amend the Kerala Surcharge on Taxes Act, 1957.

Preamble.— WHEREAS it is expedient further to amend the Kerala Surcharges on Taxes Act, 1957 (11 of 1957) for the purposes hereinafter appearing ;

BE it enacted in the Fifty-first Year of the Republic of India as follows :—

1. *Short title and commencement* — (1) This Act may be called the Kerala Surcharge on Taxes (Amendment) Act, 2000.

(2) It shall be deemed to have come into force on the 1st day of January, 2000.

2. *Amendment of Section 3* — In the Kerala Surcharge on Taxes Act, 1957 (11 of 1957) (hereinafter, referred to as the principal Act), in section 3, for sub-section (1) the following sub-section shall be substituted, namely :—

(1) The tax payable under sub-section (1) of section 5 of the Kerala General Sales Tax Act, 1963, by a dealer in foreign liquor shall be increased by a surcharge at the rate of ten percent, and the provisions of the Kerala General Sales Tax Act, 1963 shall apply in relation to the said surcharge as they apply in relation to the tax payable under the said Act.

3. *Repeal and saving.*— (1) Section 3 of the Kerala Taxation Laws (Amendment) Ordinance, 1999 (7 of 1999) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Act.

Secretariate of the Kerala Legislature,
Thiruvananthapuram
March 1, 2000

K. GOPALAKRISHNAN UNNITHAN
Secretary (in-charge)

LIBRARY ARCHIVES Kerala Legislative Assembly